# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6118 — 04.07.2019-ൽ മറുപടിയ്ക്ക്

## കരം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം

ചോദ്യം :

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വില്ലേജ് ഓഫീസുകളിൽ ഭൂമിയുടെ കരം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഓൺലൈൻ സംവിധാനം മുഴുവൻ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജ് ഓഫീസുകളിൽ 1649 എണ്ണത്തിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പൊതുജനങ്ങൾക്ക് എപ്രകാരമാണ് ഓൺലൈൻ സംവിധാനം ഉപയോഗിക്കാൻ സാധിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | www.revenue.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി കരം അടവാക്കാവുന്നതാണ്. ആദ്യത്തെ തവണ മേൽ സൈറ്റിൽ ലോഗ് ഇൻ ചെയ്ത്, വില്ലേജ് ഓഫീസിലേയ്ക്ക് റിക്വസ്റ്റ് അയക്കേണ്ടതും, ആയതിന് അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് നെറ്റ് ബാങ്കിംഗ് മുഖേനയോ ക്രഡിറ്റ് / ഡെബിറ്റ് കാർഡ് മുഖേനയോ കരം അടവാക്കാവുന്നതുമാണ്. തുടർന്ന് വരും വർഷങ്ങളിൽ QuickPay എന്ന സംവിധാനം ഉപയോഗിക്കാവുന്നതാണ്. ആയതിന് വില്ലേജ് ഓഫീസിൽ നിന്നും തുടർ അപ്രൂവൽ ആവശ്യമില്ലാത്തതാണ്. |
| (ഡി) | ഓൺലൈൻ സംവിധാനം നടപ്പാക്കാത്ത വില്ലേജ് ഓഫീസുകളിൽ രസീത് ബുക്കുകൾ ലഭിക്കാത്തതു മൂലം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | അത്തരത്തിൽ ബുദ്ധിമുട്ട് ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ